"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തൊഴിലും നൈപുണ്യവും വകുപ്പ്- ഫാക്ടറീസ് & ബോയിലേഴ്സ് വകുപ്പ്-പ്ലാൻ സ്കീം (2025-26) - കമ്പ്യൂട്ടറൈസേഷൻ -ഭരണാനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തൊഴിലും നൈപുണ്യവും (ബി) വകുപ്പ്**

സ.ഉ.(സാധാ) നം.213/2026/LBR    തീയതി,തിരുവനന്തപുരം, 17-02-2026

---

പരാമർശം:-

1. 03.02.2024-ലെ സ.ഉ (സാധാ) നം.133/2024/LBR നമ്പർ ഉത്തരവ്.
2. 10.07.2024-ലെ സ.ഉ (സാധാ) നം. 760/2024/LBR നമ്പർ ഉത്തരവ്.
3. 19.09.2025-ലെ സ.ഉ (സാധാ) നം.1112/2025/LBR നമ്പർ ഉത്തരവ്
4. ഫാക്ടറീസ് ആന്റ് ബോയിലേഴ്സ് ഡയറക്ടറുടെ 17.12.2025-ലെ DFB/1170/2025-എ3 നമ്പർ കത്ത്.
5. 04.02.2026-ന് കൂടിയ വകുപ്പുതല വർക്കിംഗ് ഗ്രൂപ്പ് മീറ്റിംഗ് മിനിറ്റ്സ്.

**ഉത്തരവ്**

ഫാക്ടറീസ് & ബോയിലേഴ്സ് വകുപ്പിൽ നടപ്പ സാമ്പത്തിക വർഷം 176 ലക്ഷം രൂപയാണ് 2230-01-102-95-34-other charges (3) Other items (P) ശീർഷകത്തിൽ കമ്പ്യൂട്ടറൈസേഷനായി വകുപ്പുതലത്തിൽ വകയിരുത്തിയിരിക്കുന്നതെന്നും ടി തുകയിൽ 127.26 ലക്ഷം രൂപ വിനിയോഗിക്കുന്നതിനുള്ള അനുമതി പരാമർശം (1),(2), (3) ഉത്തരവുകൾ പ്രകാരം ലഭിച്ചിട്ടുണ്ടെന്നും ടി വകുപ്പിന്റെ ഓൺലൈൻ സംവിധാനമായ FABOS-BIS-ന്റെ 01.04.2025 മുതൽ 31.03.2026 വരെയുള്ള കാലയളവിലെ Operation and Maintenance (O&M), ഓഫ് സൈറ്റ് ടെക്നിക്കൽ സപ്പോർട്ട് എന്നിവയ്ക്കായി 39,98,490/- രൂപ (33,88,551/- രൂപ + GST) വിനിയോഗിക്കുന്നതിന് വകപ്പുതല ടെക്നിക്കൽ കമ്മിറ്റി അംഗീകാരം നൽകിയിട്ടുണ്ടെന്നും ആയതിനാൽ നടപ്പ് സാമ്പത്തിക വർഷത്തെ 2230-01-102-95-34 -other charges (3) Other items (P) ശീർഷകത്തിൽ നിന്നും 39,98,490/- രൂപ ചെലവഴിക്കുന്നതിനുള്ള ഭരണാനുമതി നൽകണമെന്ന് ഡയറക്ടർ പരാമർശം (4) പ്രകാരം അപേക്ഷിച്ചിരുന്നു.

2. ഇക്കാര്യം സർക്കാർ വിശദമായി പരിശോധിച്ചു. 04.02.2026-ന് കൂടിയ വകുപ്പുതല വർക്കിംഗ് ഗ്രൂപ്പ് മീറ്റിംഗിൽ ഫാക്ടറീസ് & ബോയിലേഴ്സ് വകുപ്പിന് കമ്പ്യൂട്ടറൈസേഷനായി 39,98,490/- രൂപ 2230-01-102-95-34 -other charges (3) Other items (P) ശീർഷകത്തിൽ നിന്നും വിനിയോഗിക്കുന്നതിനുള്ള അനുമതി പരാമർശം (5) പ്രകാരം നല്കിയിരുന്നു.

മേൽ സാഹചര്യത്തിൽ ഫാക്ടറീസ് & ബോയിലേഴ്സ് വകുപ്പിന്റെ കമ്പ്യൂട്ടറൈസേഷനുമായ ബന്ധപ്പെട്ട FABOS-BIS-ന്റെ Operation and Maintenance (O&M), ഓഫ് സൈറ്റ് ടെക്നിക്കൽ സപ്പോർട്ട് എന്നിവയ്ക്ക 01.04.2025 മുതൽ 31.03.2026 വരെയുള്ള ചെലവായ 39,98,490/- രൂപ നടപ്പ് സാമ്പത്തിക വർഷത്തെ 2230-01-102-95-34-other charges (3) Other items (P) ശീർഷകത്തിൽ നിന്നും ചെലവഴിക്കുന്നതിനുള്ള ഭരണാനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

റെറ്റി പി തോമസ്

അണ്ടർ സെക്രട്ടറി

ഡയറക്ടർ, ഫാക്ടറീസ് ആന്റ് ബോയിലേഴ്സ്, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ), തിരുവനന്തപുരം.
ഡയറക്ടർ, വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്.
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by
Abhilash S S
Date: 18-02-2026 10:48:25
സെക്ഷൻ ഓഫീസർ

പകർപ്പ് :- പൊതു വിദ്യാഭ്യാസവും തൊഴിലും വകുപ്പ് മന്ത്രിയുടെ പി.എസ്-ന്
തൊഴിലും നൈപുണ്യവും സ്പെഷ്യൽ സെക്രട്ടറിയുടെ പി.എസ്.-ന്